# <u>പുറത്തെഴുത്ത് നമ്പർ : ക്യൂ.ഐ.പി(1)/247365/2021/ഡി.ജി.ഇ</u>

## <u>തീയതി 10/07/2021</u>

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2021-22 അദ്ധ്യയന വർഷം ഡിജിറ്റൽ പഠനോപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി പുറപ്പെടുവിച്ച സ.ഉ (സാധാ) നം.3337/2021/പൊ.വി.വ തിയതി 09.07.2021 തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്തു നൽകുന്നു. ഇതിൻപ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ സ്കൂൾ പ്രിൻസിപ്പൽമാർക്കും/പ്രഥമാദ്ധ്യാപകർക്കും നൽകേണ്ടതാണ്.

(ഒപ്പ്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>സ്വീകർത്താവ് :-</u>
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി വിഭാഗം)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സ്കൂൾ പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

<u>പകർപ്പ് :-</u>
1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
3. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ഡി )വകുപ്പ്**

സ.ഉ.(സാധാ) നം.3337/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 09/07/2021

---

പരാമർശം:- 1 സ.ഉ (സാധ) നം. 3302/2021/പൊ .വി. വ തീയതി.08.07.2021
2 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 9.7.2021 ലെ IP(1)/247365/2021/DGE. നം. കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ക്ലാസുകളിൽ പങ്കെടുക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

1. ഈ പദ്ധതിക്കായി "സമ്പൂർണ്ണ" ഓൺലൈൻ സ്കൂൾ മനേജ്മെന്റ് സോഫ്റ്റ്‌വെയറിൽ നിന്ന് കുട്ടികളുടെ ഡാറ്റ പ്രയാജനപ്പെടുത്താവുന്നതാണ്.

2. സ്കൂളുകൾ എല്ലാ കുട്ടികളുടെയും യു.ഐ.ഡി ഉൾപ്പെടെയുള്ള വിശദാംശങ്ങളും (സ്കൂളുകളുടെയും കുട്ടികളുടെയും തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ) സമ്പൂർണയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

3. ഈ പ്രർത്തന പദ്ധതിയുടെ സുപ്രധാന ഘട്ടം ഡിജിറ്റൽ ഉപകരണങ്ങളുടെ യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തുക എന്നതാണ്.

4. പരാമർശം (1) ഉത്തരവിൻ പ്രകാരമുള്ള സ്കൂൾ തല സമിതിയാണ് ഇവരെ കണ്ടെത്തേണ്ടത്. ഇതിനാവശ്യമായ നടപടി സ്കൂൾ അധികൃതരുടെയും, പി.റ്റി. എ യുടെയും നേതൃത്വത്തിൽ കൈക്കൊള്ളേണ്ടതാണ്. ഇങ്ങനെ കണ്ടെത്തുമ്പോൾ ആവശ്യക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള ചുമതല കൂടി പ്രസ്തുത സമിതിയിൽ നിക്ഷിപ്തമായിരിക്കും.

5. ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുകയാണെങ്കിൽ, ഇപ്പോൾ ഉപയോഗിക്കുന്ന ഉപകരണങ്ങൾ മതിയാകുന്ന കുട്ടികൾ, മതിയാകാത്ത കുട്ടികൾ ആരെല്ലാമെന്നതാണ് ആദ്യം കണ്ടെത്തേണ്ടത്.

6. ആവശ്യക്കാരെ കണ്ടെത്തുമ്പോൾ അവരെ താഴെപ്പറയുന്ന വിഭാഗങ്ങളായി തരം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്. ഒരു കുട്ടിയാകും ഒരു യൂണിറ്റ്.

i. സ്വന്തമായി കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങിനൽകാൻ കഴിവുള്ളവർ.

ii. ലോൺ സൗകര്യം ലഭ്യമാക്കിയാൽ കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങിനൽകാൻ കഴിവുള്ളവർ.

iii. സമൂഹ സഹായത്തോടെ മാത്രം ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കാൻ സാഹചര്യമുള്ളവർ.

7. ഇങ്ങനെ സ്കൂളിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും ഉപകരണ ആവശ്യകത മനസ്സിലാക്കി, സ്കൂളിൽ ആകെ എത്ര കുട്ടികൾക്ക് പുതുതായി ഉപകരണങ്ങൾ (ടാബ്ലറ്റ്, ലാപ്ടോപ്പ്) ആവശ്യമാണെന്ന കൃത്യം എണ്ണവും അത് എങ്ങനെ ലഭ്യമാക്കാൻ കഴിയും എന്ന കാര്യത്തിലുള്ള വ്യക്തതയും ഉണ്ടാക്കണം. ഇങ്ങനെ ലഭ്യമായ കണക്കുകൾ സ്കൂളടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണസ്ഥാപനടിസ്ഥാനത്തിലും ക്രോഡീകരിക്കണം.

8. ഒരു ക്യാമ്പയിൻ എന്ന നിലയയിൽ താഴെപ്പറയുന്ന രീതിയിൽ സ്കൂൾ തലത്തിലും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ തലത്തിലും ജില്ലാതലത്തിലും പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

i. ജൂലൈ 12 നകം സ്കൂൾതല സമിതി യോഗം ചേർന്ന് വിവരസമാഹരണം സംബന്ധിച്ച് കൃത്യമായ പ്രവർത്തന പദ്ധതി ഉണ്ടാക്കണം.

ii. ജൂലൈ 13, 14 തീയതികളിൽ സ്കൂൾ തല കണക്കെടുപ്പ് പൂർത്തിയാക്കി ജൂലൈ 15 ന് അതത് സ്കൂൾ തലത്തിൽ ക്രോഡീകരിക്കണം.

iii. തുടർന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രസ്തുത കണക്ക് കൈമാറണം. ജൂലൈ 19 ന് വൈകിട്ടോടെ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ഇവ ക്രോഡീകരിക്കണം.

Iv. ജൂലൈ 21 ന് ജില്ലാതല ക്രോഡീകരണം പൂർത്തിയാക്കി സംസ്ഥാനതലത്തിലേക്ക് കൈമാറണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ഇ /ഓഡിറ്റ്),തിരുവനതപുരം

സ്റ്റോക്ക് ഫയൽ/ ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Reeja K P
Date: 10-07-2021 10:51:51
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

ബഹു.മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ ചീഫ് സെക്രട്ടറിയുടെ സി .എ യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

വിവരസാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്